## മധുരമായ കുട്ടികളെ - ഇപ്പോൾ തിരിച്ച് വീട്ടിലേയ്ക്ക് പോകണം അതുകൊണ്ട് ദേഹ സഹിതം എല്ലാ സംബന്ധങ്ങളെയും മറന്ന് ഒരു ബാബയെ ഓർമ്മിക്കൂ, ഇതാണ് സത്യമായ ഗീതയുടെ ജ്ഞാനം.

**ചോദ്യം :-** നിങ്ങൾ കുട്ടികളുടെ സഹജമായ പുരുഷാർത്ഥം എന്താണ്?
**ഉത്തരം :-** ബാബ പറയുന്നു നിങ്ങൾ തികച്ചും മിണ്ടാതിരിക്കൂ, മിണ്ടാതിരിക്കുന്നതിലൂടെ തന്നെയാണ് ബാബയിൽ നിന്ന് സമ്പത്ത് എടുക്കാൻ സാധിക്കുക. ഇപ്പോൾ ബാബയെ ഓർമ്മിക്കണം, സൃഷ്ടി ചക്രം കറക്കണം. ബാബയുടെ ഓർമ്മയിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും, ആയുസ്സ് വർദ്ധിക്കും കൂടാതെ ചക്രത്തെ അറിയുന്നതിലൂടെ ചക്രവർത്തി രാജാവാകാൻ സാധിക്കും - ഇതാണ് സഹജ പുരുഷാർത്ഥം.

**ഓം ശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ വീണ്ടും മനസ്സിലാക്കി തന്നു കൊണ്ടിരിക്കുകയാണ്. എല്ലാ ദിവസവും അറിവ് നൽകുകയാണ്. കുട്ടികളാണെങ്കിൽ മനസ്സിലാക്കുന്നു ഞങ്ങൾ ഗീതാജ്ഞാനം പഠിച്ചുകൊണ്ടിരിക്കുകയാണ് - കല്പം മുമ്പത്തെ പോലെ. പക്ഷെ കൃഷ്ണനല്ല പഠിപ്പിക്കുന്നത്, പരംപിതാ പരമാത്മാവാണ് നമ്മളെ പഠിപ്പിക്കുന്നത്. ബാബ തന്നെയാണ് നമ്മളെ വീണ്ടും രാജയോഗം പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ ഇപ്പോൾ ഭഗവാനിൽ നിന്നും നേരിട്ട് കേട്ടുകൊണ്ടിരിക്കുകയാണ്. ഭാരത വാസികളുടെ മുഴുവൻ ആധാരവും ഗീതയിൽ തന്നെയാണ്, ആ ഗീതയിലും എഴുതിയിട്ടുണ്ട് രുദ്രജ്ഞാന യജ്ഞം രചിച്ചുവെന്ന്. ഇത് യജ്ഞവുമാണ് പാഠശാലയുമാണ്. എപ്പോഴാണോ ബാബ വന്ന് സത്യമായ ഗീത കേൾപ്പിക്കുന്നത് അപ്പോൾ നമ്മൾ സദ്ഗതി നേടുന്നു. മനുഷ്യർ ഇത് മനസ്സിലാക്കുന്നില്ല. സർവ്വരുടെയും സദ്ഗതി ദാതാവായ ബാബയെ തന്നെ ഓർമ്മിക്കണം. അഥവാ ഗീത പഠിച്ച് വരുന്നുണ്ടെങ്കിലും രചയിതാവിനെയും രചനയേയും അറിയാത്തതു കാരണമാണ് അറിയില്ല-അറിയില്ല എന്ന് പറഞ്ഞ് വരുന്നത്. സത്യമായ ഗീത സത്യമായ ബാബ തന്നെയാണ് വന്ന് കേൾപ്പിക്കുന്നത്, ഇതാണ് വിചാര സാഗര മഥനം ചെയ്യാനുള്ള കാര്യങ്ങൾ. ആരാണോ സേവനത്തിലുള്ളത് അവർക്ക് നല്ല രീതിയിൽ ശ്രദ്ധ വരും. ബാബ പറയുകയാണ് - ഓരോ ചിത്രത്തിലും തീർച്ചയായും എഴുതിയിട്ടുണ്ടാകണം ജ്ഞാന സാഗരൻ പതിത പാവനൻ, ഗീതാ ജ്ഞാനദാതാവ് പരമ പ്രിയ പരംപിതാ, പരമ ശിക്ഷകൻ, പരമ സദ്ഗുരു ശിവഭഗവാനുവാച. ഈ അക്ഷരം തീർച്ചയായും എഴുതുകയാണെങ്കിൽ അത് മനുഷ്യർ മനസ്സിലാക്കും - ത്രിമൂർത്തീ ശിവ പരമാത്മാവ് തന്നെയാണ് ഗീതയുടെ ഭഗവാൻ, ശ്രീകൃഷ്ണനല്ല. അഭിപ്രായവും ഇതിൽ എഴുതിക്കുന്നു. നമ്മുടേത് മുഖ്യമായത് ഗീതയാണ്. ബാബ ദിവസവും പുതിയ-പുതിയ പോയിന്റുകൾ നൽകികൊണ്ടിരിക്കുന്നു. ഇങ്ങനെ സംഭവിക്കാൻ പാടില്ലായിരുന്നു മുൻകൂട്ടി എന്തുകൊണ്ട് ബാബ ഇങ്ങനെ പറഞ്ഞില്ല? ഡ്രാമയിൽ ഉണ്ടായിരുന്നില്ല. ബാബയുടെ മുരളിയിൽ നിന്നും പുതിയ പുതിയ പോയിന്റുകൾ വരുന്നുണ്ട്. എഴുതാറുമുണ്ട് റൈസ് ഔർ ഫാൾ. ഹിന്ദിയിൽ പറയുന്നു ഭാരതത്തിന്റെ ഉത്ഥാനവും പതനവും. ഉത്ഥാനം അർത്ഥം ദൈവീക കുലത്തിന്റെ സ്ഥാപന, 100 ശതമാനം പവിത്രത, ശാന്തി, സമ്പന്നതയുടെ സ്ഥാപന ഉണ്ടാകുന്നു പിന്നീട് പകുതി കല്പത്തിന് ശേഷമാണ് പതനം ഉണ്ടാകുന്നത്. ആസുരീയ കുലത്തിന്റെ പതനം. ഉത്ഥാനവും സ്ഥാപനയും ദേവതാകുലത്തിന്റെയാണുണ്ടാവുന്നത്. പതനത്തിനോടൊപ്പം വിനാശം എന്ന് എഴുതണം.

നിങ്ങളുടെ മുഴുവൻ ആധാരവും ഗീതയിലാണ്. ബാബ തന്നെയാണ് വന്ന് സത്യമായ ഗീത കേൾപ്പിക്കുന്നത്. ബാബ ദിവസവും ഇതിലൂടെയാണ് മനസ്സിലാക്കി തരുന്നത്. കുട്ടികളാണെങ്കിൽ ആത്മാവ് തന്നെയാണ്. ബാബ പറയുന്നു ഈ ദേഹത്തിന്റെ എല്ലാ വിസ്താരത്തെയും മറന്ന് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ആത്മാവ് ശരീരത്തിൽ നിന്നും വേറിടുകയാണെങ്കിൽ എല്ലാ സംബന്ധവും മറന്നു പോകുന്നു. അതിനാൽ ബാബയും പറയുന്നു ദേഹത്തിന്റെ എല്ലാ സംബന്ധത്തെയും ഉപേക്ഷിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ. ഇപ്പോൾ വീട്ടിലേയ്ക്ക് പോകണമല്ലോ! തിരിച്ച് പോകുന്നതിന് വേണ്ടിയാണ് പകുതി കല്പം ഈ ഭക്തിയെല്ലാം ചെയ്തത്. സത്യയുഗത്തിലാണെങ്കിൽ ആരും തിരിച്ച് പോകുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നില്ല. അവിടെ സുഖം തന്നെ സുഖമാണ്. പാടാറുമുണ്ട് ദുഖത്തിൽ എല്ലാവരും ഈശ്വരനെ ഓർമ്മിക്കുന്നു, സുഖത്തിൽ ആരും ഓർമ്മിക്കുന്നില്ല. പക്ഷെ എപ്പോഴാണ് സുഖം, എപ്പോഴാണ് ദുഖം - ഇത് മനസ്സിലാക്കുന്നില്ല. നമ്മുടെ എല്ലാ കാര്യങ്ങളും ഗുപ്തമാണ്. നമ്മളും ആത്മീയ സേനകളാണല്ലോ. ശിവബാബയുടെ ശക്തി സേനകളാണ്. ഇതിന്റെ അർത്ഥവും ആരും മനസ്സിലാക്കുന്നില്ല. ദേവികളുടെയെല്ലാം ഇത്രയും പൂജ ഉണ്ടാവുന്നുണ്ട് പക്ഷെ ആരുടെയും ജീവചരിത്രത്തെ അറിയുന്നില്ല. ആരുടെ പൂജയാണോ ചെയ്യുന്നത്, അവരുടെ ജീവചരിത്രം അറിയണമ

ല്ലോ. ഉയർന്നതിലും ഉയർന്ന ശിവബാബയുടെ പൂജയാണ് പിന്നീട് ബ്രഹ്മാ, വിഷ്ണു, ശങ്കറിന്റെ അതിനുശേഷം ലക്ഷ്മീ–നാരായണൻ, രാധാ–കൃഷ്ണന്റെ ക്ഷേത്രം ഉണ്ടാകുന്നു. വേറെ ആരുടെയുമില്ല. ഒരു ശിവബാബയുടെ തന്നെ വിവിധ പേരുകൾ വെച്ച് ക്ഷേത്രങ്ങൾ ഉണ്ടാക്കിയിരിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ ചക്രവുമുണ്ട്. ഡ്രാമയിൽ മുഖ്യ അഭിനേതാക്കളും ഉണ്ടാകുമല്ലോ. അത് പരിധിയുള്ള ഡ്രാമയാണ്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. ഇതിൽ മുഖ്യമായത് ആരെല്ലാമാണ്, ഇത് നിങ്ങൾക്കറിയാം. മനുഷ്യരാണെങ്കിൽ പറയുന്നു രാമൻ ലോകം ഉണ്ടാക്കുന്നേയില്ല. ഇതിന്റെ മേലും ഒരു ശാസ്ത്രം ഉണ്ടാക്കിയിരിക്കുന്നു. അർത്ഥം ഒന്നും തന്നെ മനസ്സിലാക്കുന്നില്ല.

ബാബ നിങ്ങൾ കുട്ടികൾക്ക് വളരെ സഹജമായ പുരുഷാർത്ഥം പഠിപ്പിച്ചു തരുന്നു. ഏറ്റവും സഹജമായ പുരുഷാർത്ഥമാണ് – നിങ്ങൾ തികച്ചും മൗനമായിരിക്കൂ. മൗനമായതിരിക്കുന്നതിലൂടെ തന്നെയാണ് ബാബയുടെ സമ്പത്ത് എടുക്കാൻ സാധിക്കുക. ബാബയെ ഓർമ്മിക്കണം. സൃഷ്ടി ചക്രത്തെ ഓർമ്മിക്കണം. ബാബയുടെ ഓർമ്മയിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും. നിങ്ങൾ നിരോഗിയായി മാറും. ആയുസ്സ് വർദ്ധിക്കും. ചക്രത്തെ അറിയുന്നതിലൂടെ ചക്രവർത്തീ രാജാവായി മാറും. ഇപ്പോൾ നരകത്തിന്റെ അധികാരിയാണ് പിന്നീട് സ്വർഗ്ഗത്തിന്റെ അധികാരിയായി മാറും. എല്ലാവരും സ്വർഗ്ഗത്തിന്റെ അധികാരിയാകും എങ്കിലും അതിൽ പദവിയാണ് മുഖ്യം. എത്രത്തോളം തനിക്ക് സമാനമാക്കി മാറ്റുന്നുവോ അത്രയും ഉയർന്ന പദവി ലഭിക്കും. അവിനാശി ജ്ഞാനരത്നങ്ങളുടെ ദാനം ചെയ്യുന്നില്ലായെങ്കിൽ തിരിച്ച് എന്ത് ലഭിക്കാനാണ്. ചിലർ സമ്പന്നരായി മാറുകയാണെങ്കിൽ പറയുന്നു ഇദ്ദേഹം കഴിഞ്ഞ ജന്മത്തിൽ ദാന–പുണ്യം നന്നായി ചെയ്തിട്ടുണ്ട്. ഇപ്പോൾ കുട്ടികൾക്കറിയാം രാവണരാജ്യത്തിൽ എല്ലാവരും പാപം തന്നെയാണ് ചെയ്യുന്നത്, ഏറ്റവും പുണ്യ ആത്മാവാണ് ശ്രീ ലക്ഷ്മീ–നാരായണൻ. ബ്രാഹ്മണരെയും ഉയർന്നതാക്കി വെയ്ക്കുന്നു അവർ എല്ലാവരെയും ഉയർന്നവരാക്കി മാറ്റുന്നു. അതാണെങ്കിൽ പ്രാപ്തിയാണ്. ഈ ബ്രഹ്മാമുഖ വംശാവലീ ബ്രാഹ്മണ കുല ഭൂഷണർ ശ്രീമതത്തിലൂടെ ഈ ശ്രേഷ്ഠ കർത്തവ്യം ചെയ്യുന്നു. ബ്രഹ്മാവിന്റെ പേരാണ് മുഖ്യം. ത്രിമൂർത്തി ബ്രഹ്മാവെന്ന് പറയുമല്ലോ. ഇപ്പോഴാണെങ്കിൽ നിങ്ങൾക്ക് ഓരോ കാര്യത്തിലും ത്രിമൂർത്തി ശിവനെന്ന് പറയേണ്ടി വരുന്നു. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം – ഇത് പാടാറുണ്ടല്ലോ. വിരാട രൂപവും ഉണ്ടാക്കുന്നു, എന്നാൽ അതിൽ ശിവനെ കാണിക്കുന്നില്ല, ബ്രാഹ്മണനെയും കാണിക്കുന്നില്ല. ഇതും നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം. നിങ്ങളിലും യഥാർത്ഥ രീതിയിൽ ബുദ്ധിമുട്ടിയാണ് ചിലരുടെയെങ്കിലും ബുദ്ധിയിൽ ഇരിക്കുന്നത്. അനേകം പോയിന്റുകളുണ്ടല്ലോ, അതിനെ ടോപ്പിക്കെന്നും പറയുന്നു. എത്ര ടോപ്പിക്കാണ് ലഭിക്കുന്നത്. സത്യമായ ഗീത ഭഗവാനിൽ നിന്നും കേൾക്കുന്നതിലൂടെ മനുഷ്യനിൽ നിന്നും ദേവത, വിശ്വത്തിന്റെ അധികാരിയായി മാറുന്നു. ടോപ്പിക്ക് വളരെ നല്ലതാണ്. എന്നാൽ മനസ്സിലാക്കി കൊടുക്കുന്നതിനും ശക്തി വേണമല്ലോ. ഈ കാര്യം വ്യക്തമായി എഴുതണം അത് മനുഷ്യർ മനസ്സിലാക്കുകയും ചോദിക്കുകയും വേണം. എത്ര സഹജമാണ്. ജ്ഞാനത്തിന്റെ ഓരോ ഓരോ പോയിന്റുകളും ലക്ഷങ്ങൾ–കോടികൾ രൂപയുടെതാണ്, ഇതിലൂടെ നിങ്ങൾ എന്തിൽ നിന്ന് എന്തായി മാറുന്നു! നിങ്ങളുടെ ഓരോ ചുവടിലും കോടിയാണ്. അതുകൊണ്ടാണ് ദേവതകളുടെ മുന്നിൽ കോടി പൂക്കൾ കാണിക്കുന്നത്. നിങ്ങൾ ബ്രഹ്മാമുഖ വംശാവലി ബ്രാഹ്മണരുടെ പേര് തന്നെ അപ്രത്യക്ഷമാകുന്നു. ആ ബ്രാഹ്മണർ തന്റെ കൈകളിൽ ഗീതാ വെക്കുന്നു. ഇപ്പോൾ നിങ്ങൾ സത്യമായ ബ്രാഹ്മണരാണ്, നിങ്ങളുടെ ബുദ്ധിയിൽ സത്യമാണ്. അവരുടെ ബുദ്ധിയിൽ ശാസ്ത്രങ്ങളാണ് ഉള്ളത്. അതിനാൽ നിങ്ങൾക്ക് ലഹരി വർദ്ധിക്കണം – നമ്മൾ ശ്രീമതത്തിലൂടെ സ്വർഗ്ഗം ഉണ്ടാക്കികൊണ്ടിരിക്കുകയാണ്, ബാബ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ പക്കൽ യാതൊരു പുസ്തകവുമില്ല. എന്നാൽ ഈ സാധാരണ ബാഡ്ജ് തന്നെ നിങ്ങളുടെ സത്യമായ ഗീതയാണ്, ഇതിൽ ത്രിമൂർത്തികളുടെയും ചിത്രമുണ്ട്. അതിനാൽ മുഴുവൻ ഗീതയും ഇതിൽ വരുന്നു. സെക്കന്റിൽ മുഴുവൻ ഗീതയും മനസ്സിലാകുന്നു. ഈ ബാഡ്ജിലൂടെ നിങ്ങൾക്ക് ആർക്കു വേണമെങ്കിലും സെക്കന്റിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു. ഇത് നിങ്ങളുടെ പിതാവാണ്, ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങളുടെ പാപം വിനാശമാകും. ട്രെയിനിൽ പോകുമ്പോഴും, നടക്കുമ്പോഴും കറങ്ങുമ്പോഴും ആരെ കാണുകയാണെങ്കിലും, നിങ്ങൾ അവർക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കൂ. കൃഷ്ണപുരിയിലേയ്ക്ക് പോകാൻ എല്ലാവരും ആഗ്രഹിക്കുമല്ലോ. ഈ പഠിപ്പിലൂടെ ഇങ്ങനെയായി മാറാൻ സാധിക്കുന്നു. പഠിപ്പിലൂടെ രാജ്യത്തിന്റെ സ്ഥാപന ഉണ്ടാകുന്നു. മറ്റു ധർമ്മസ്ഥാപകർ ഒരു രാജ്യത്തിന്റെയും സ്ഥാപന ചെയ്യുന്നില്ല. നിങ്ങൾക്കറിയാം – ഭാവിയിലെ 21 ജന്മത്തേയ്ക്ക് വേണ്ടി നമ്മൾ രാജയോഗം പഠിക്കുകയാണ്. എത്ര നല്ല പഠിപ്പാണ്. ദിവസവും കേവലം ഒരു മണിക്കൂർ പഠിക്കൂ. ആ പഠിപ്പാണെങ്കിൽ 4–5 മണിക്കൂറിന് വേണ്ടി ഉള്ളതാണ്. ഇത് ഒരു മണിക്കൂർ തന്നെ ധാരാളം. എങ്കിലും അതിരാവിലെയുള്ള സമയം ഇങ്ങനെയുള്ളതാണ് ആ സമയം എല്ലാവരും ഫ്രീയാണ്. ബാക്കി ആരെങ്കിലും ബന്ധനസ്ഥരാണെങ്കിൽ, അതിരാവിലെ വരാൻ സാധിക്കുന്നില്ലായെങ്കിൽ വേറെ

സമയം വെയ്ക്കുന്നു. ബാഡ്ജ് ഉണ്ടായിരിക്കും, എവിടെ വേണമെങ്കിലും പോകൂ, ഈ സന്ദേശം നൽകി കൊണ്ട് പോകൂ. പത്രങ്ങളിൽ ബാഡ്ജ് ഇടാൻ സാധിക്കുകയില്ലല്ലോ, ഒരു വശത്തേത് ഇടാൻ സാധിക്കും. മനസ്സിലാക്കി കൊടുക്കാതെ മനുഷ്യർക്കാണെങ്കിൽ മനസ്സിലാക്കാൻ പോലും സാധിക്കില്ല. വളരെ സഹജമാണ്. ഈ കർത്തവ്യം ആർക്കുവേണമെങ്കിലും ചെയ്യാൻ സാധിക്കുന്നു. ശരി, സ്വയം ഓർമ്മിക്കുന്നില്ല, മറ്റുള്ളവർക്ക് ഓർമ്മ ഉണർത്തുന്നു. അതും നല്ലതാണ്. മറ്റുള്ളവരോട് പറയും ദേഹീ അഭിമാനിയായി മാറൂ എന്നിട്ട് സ്വയം ദേഹാഭിമാനിയാവുകയാണെങ്കിൽ ഏതെങ്കിലുമൊക്കെ വികർമ്മം ഉണ്ടായികൊണ്ടിരിക്കും. ആദ്യമാദ്യം കൊടുങ്കാറ്റ് വരുന്നത് മനസ്സിലാണ്, പിന്നീട് കർമ്മത്തിൽ വരുന്നു. മനസ്സിൽ വളരെയധികം വരും, അതിൽ നിന്ന് പിന്നീട് ബുദ്ധിയിൽ പ്രവർത്തിക്കുന്നു, ഒരിക്കലും മോശമായ കർമ്മം ചെയ്യരുത്. നല്ല കർമ്മം ചെയ്യണം. സങ്കല്പം നല്ലതും ഉണ്ടാകുന്നു, മോശമായതും വരുന്നു. മോശമായതിനെ തടയണം. ഈ ബുദ്ധി ബാബ നൽകിയതാണ്. വേറെ ആർക്കും മനസ്സിലാക്കാൻ സാധിക്കില്ല. അവരാണെങ്കിൽ തെറ്റായ കർമ്മം ചെയ്തുകൊണ്ടേയിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്ക് നല്ല കർമ്മം തന്നെയാണ് ചെയ്യേണ്ടത്. നല്ല പുരുഷാർത്ഥത്തിലൂടെ ശരിയായ കർമ്മം ഉണ്ടാകുന്നു. ബാബയാണെങ്കിൽ ഓരോ കാര്യവും വളരെ നല്ല രീതിയിൽ മനസ്സിലാക്കി തന്നുകൊണ്ടിരിക്കുകയാണ്. ശരി!

വളരെ കാലത്തെ വേർപാടിനു ശേഷം തിരികെ കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്തേ.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഈ ഓരോ ഓരോ അവിനാശി ജ്ഞാന രത്നവും ലക്ഷം - കോടി രൂപയുടെതാണ്, ഇത് ദാനം ചെയ്ത് ഓരോ ചുവടിലും കോടിമടങ്ങ് സമ്പത്ത് ശേഖരിക്കണം. തനിക്ക് സമാനമാക്കി മാറ്റി ഉയർന്ന പദവി നേടണം.

2) വികർമ്മങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിന് വേണ്ടി ദേഹീ അഭിമാനിയായിരിക്കുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. മനസ്സിൽ എപ്പോഴെങ്കിലും മോശമായ സങ്കല്പം വരുകയാണെങ്കിൽ അതിനെ തടയണം. നല്ല സങ്കല്പം ഉണ്ടാക്കണം. കർമ്മേന്ദ്രിയങ്ങളെ കൊണ്ട് ഒരിക്കലും തല തിരിഞ്ഞ കർമ്മം ചെയ്യരുത്.

## വരദാനം : ആത്മീയതയുടെ പ്രഭാതത്തിലൂടെ മാലാഖത്വത്തിന്റെ മേക്കപ്പ് ചെയ്യുന്നവരായ സർവ്വരുടെയും സ്നേഹിയായി ഭവിക്കട്ടെ.

ഏതു കുട്ടികളാണോ സദാ ബാപ്ദാദയുടെ കൂട്ടുകെട്ടിലിരിക്കുന്നത് അവർക്ക് കൂട്ടുകെട്ടിന്റെ നിറം ഇങ്ങനെയുള്ളത് ലഭിക്കുന്നു ഓരോരുത്തരുടെയും മുഖത്ത് ആത്മീയതയുടെ പ്രഭാവം കാണപ്പെടുന്നു. ഈ ആത്മീയതയിലിരിക്കുന്നതിലൂടെ മാലാഖത്വത്തിന്റെ മേക്കപ്പ് സ്വതവേ ഉണ്ടാകുന്നു. എങ്ങനെയാണോ മേക്കപ്പ് ചെയ്തതിനുശേഷം ആര് എങ്ങനെയുള്ളവരാണെങ്കിലും സുന്ദരമായ മാറുന്നത്, ഇവിടെയും മാലാഖത്വത്തിന്റെ മേക്കപ്പിലൂടെ തിളക്കമുള്ളവരായി മാറുന്നു കൂടാതെ ആത്മീയതയുടെ മേക്കപ്പ് സർവരുടെയും സ്നേഹിയാക്കി മാറ്റുന്നു.

## സ്ലോഗൻ : ബ്രഹ്മചര്യം, യോഗം അഥവാ ദിവ്യഗുണങ്ങളുടെ ധാരണ തന്നെയാണ് യഥാർത്ഥ പുരുഷാർത്ഥം.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യം
### "കർമ്മ-ബന്ധനം മുറിക്കുന്നതിന്റ പുരുഷാർത്ഥം"

ധാരാളം മനുഷ്യർ ചോദിക്കാറുണ്ട് എന്ത് ചെയ്യണം, കർമ്മ ബന്ധനം എങ്ങനെ മുറിക്കും? ഈ കാര്യത്തിൽ ഓരോരുത്തരുടെയും ജാതകം ബാബയ്ക്കറിയാം. കുട്ടികളുടെ കർത്തവ്യമാണ് ഒരു പ്രാവശ്യം തന്റെ ഹൃദയംകൊണ്ട് ബാബയിൽ സമർപ്പിതമാകുക, തന്റെ ഉത്തരവാദിത്വം ബാബയുടെ കൈകളിൽ ഏൽപ്പിക്കുക. പിന്നീട് ബാബ ഓരോരുത്തരെയും നോക്കി നിർദ്ദേശം നൽകും, നിങ്ങൾക്ക് എന്ത് ചെയ്യണം, ആശ്രയവും പ്രാക്റ്റിക്കലിൽ എടുക്കണം, അല്ലാതെ കേവലം കേൾപ്പിച്ചുകൊണ്ട് മാത്രമിരിക്കുക ശേഷം തന്റെ തന്നെ വഴിയിലൂടെ നടന്നുകൊണ്ടിരിക്കുക അങ്ങനെയാകരുത്. ബാബ സാകാരത്തിലാണ്

അതുകൊണ്ട് കുട്ടികൾക്കും സ്ഥൂലത്തിൽ അച്ഛൻ, ടീച്ചർ, ഗുരുവിന്റെ ആശ്രയമെടുക്കണം. ആജ്ഞ ലഭിച്ചതിന് ശേഷം പാലിക്കാതെയുമിരിക്കരുത് ഇത് കൂടുതൽ അമംഗളമായി തീരും. അതുകൊണ്ട് ആജ്ഞ പാലിക്കുന്നതിനുമുള്ള ധൈര്യവും ഉണ്ടായിരിക്കണം, നയിക്കുന്ന ബാബ അതിസമർത്ഥനാണ്, ബാബയ്ക്കറിയാം ഇവരുടെ മംഗളം എന്തിലാണുള്ളത്, അതുകൊണ്ട് ബാബ കർമ്മ-ബന്ധനം എങ്ങനെ മുറിക്കാം എന്നുള്ളതിനുള്ള നിർദ്ദേശം നൽകും. ആർക്കും പിന്നീട് ഇങ്ങനെയുള്ള ചിന്ത വരരുത് അതായത് കുട്ടികളുടെ അവസ്ഥ എന്താകും? ഇതിൽ വീടും കുടുംബവും ഉപേക്ഷിക്കുന്നതിന്റെ കാര്യമില്ല, ഈ മുറിക്കുന്ന പാർട്ട് ഡ്രാമയിൽ വളരെ കുറച്ച് കുട്ടികൾക്കുള്ളതായിരുന്നു, അഥവാ ഈ പാർട്ട് ഇല്ലെങ്കിൽ നിങ്ങളുടെ ഏതൊരു സേവനമാണോ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് അത് പിന്നീട് ആര് ചെയ്യും? ഇപ്പോൾ ഉപേക്ഷിക്കുന്നതിന്റെ കാര്യം തന്നെയില്ല, പകരം പരമാത്മാവിന്റേതാകണം, പേടിക്കരുത്, ധൈര്യം വയ്ക്കൂ. ബാക്കി ആരാണോ പേടിക്കുന്നത് അവർ സ്വയം സന്തോഷത്തോടെ കഴിയുകയുമില്ല, പിന്നീട് ബാബയുടെ സഹായിയുമാകില്ല. ഇവിടെ ബാബയോടൊപ്പം പൂർണ്ണ സഹായിയാകണം, എപ്പോഴാണോ ജീവിച്ചിരിക്കെ മരിക്കുന്നത് അപ്പോഴാണ് സഹായിയാകാൻ സാധിക്കുന്നത്. എവിടെയെങ്കിലും കുടുങ്ങിയിട്ടുണ്ടെങ്കിൽ ബാബ സഹായിച്ച് അക്കരെയെത്തിക്കും. അതുകൊണ്ട് ബാബയോടൊപ്പം മനസ്സാ-വാചാ-കർമ്മണാ സഹായിയാകുക, ഇതിൽ അൽപം പോലും മോഹത്തിന്റെ ചരടുണ്ടെങ്കിൽ അത് വീഴ്ത്തും. അതുകൊണ്ട് ധൈര്യം വച്ച് മുന്നേറൂ. എവിടെയെങ്കിലും ധൈര്യത്തിൽ കുറവുണ്ടെങ്കിൽ സംശയിക്കുന്നു അതുകൊണ്ട് തന്റെ ബുദ്ധിയെ തീർത്തും പവിത്രമാക്കണം, വികാരത്തിന്റെ അൽപമാത്ര അംശം പോലും ഉണ്ടായിരിക്കരുത്, എന്താ ലക്ഷ്യം ദൂരെയാണോ! എന്നാൽ കയറ്റം അൽപം വളഞ്ഞതും ഉയരെയുമാണ്, എന്നാൽ സമർത്ഥന്റെ ആശ്രയം എടുക്കുകയാണെങ്കിൽ ഭയവുമുണ്ടായിരിക്കില്ല, ക്ഷീണവുമുണ്ടായിരിക്കില്ല. ശരി. ഓം ശാന്തി.

**അവ്യക്തസ സൂചന : സത്യതയുടെയും സഭ്യതയുടെയും സംസ്കാരത്തെ സ്വന്തമാക്കൂ.**
താങ്കളുടെ വാക്കും സ്വരൂപവും ഒരുമിച്ചാണെങ്കിൽ - വാക്കുകൾ സ്പഷ്ടമായിരിക്കാം അതിൽ സ്നേഹമുണ്ടായിരിക്കുകയും വിനയവും മധുരതയും സത്യതയും ഉണ്ടായിരിക്കും എന്നാൽ വിനയത്തിന്റെ സ്വരൂപവുമുണ്ടെങ്കിൽ ഇതിലൂടെ ബാബയെ പ്രത്യക്ഷപ്പെടുത്താൻ സാധിക്കും. നിർഭയരാണ് എന്നാൽ വാക്കുകൾ മര്യാദാപൂർവ്വവുമാണെങ്കിൽ പിന്നീട് താങ്കളുടെ ശബ്ദം കടുത്തതായിരിക്കില്ല, മധുരമുള്ളതായിരിക്കും.